# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 238 **27.01.2014 -ൽ മറുപടിയ്ക്ക്**

## "ഒരുപഞ്ചായത്തിൽ ഒരു കുളം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. എ. വാഹീദ് :<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. ലൂഡി ലൂയിസ്: | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പു മന്ത്രി) |
| എ) "ഒരു പഞ്ചായത്തിൽ ഒരു കുളം" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ 354 കുളങ്ങളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും, കൃഷിയും നിലനിർത്തുക, ഭൂഗർഭജലം സംരക്ഷിക്കുക, ജലവിതാനം ഉയർത്തുക, മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ. |
| സി) എന്തെല്ലാം തരത്തിലുള്ള ധനസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്തുന്നത്; വിശദമാക്കുമോ; | സി) സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. |

| | |
|---|---|
| ഡി) പദ്ധതി പ്രവർത്തനങ്ങൾ ആരംഭി ച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാ ക്കുമോ? | ഡി) ഉണ്ട്. അനുമതി നൽകിയ കുളങ്ങളുടെ നവീകരണ പ്രവൃത്തികൾ ആരംഭി ക്കുകയും അവയുടെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമി ക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ